I ഇ.ബി. XV- കേരള നിയമസഭ/XI-11

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 28, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

41(*301) കുടിയേറ്റവും പ്രവാസവും

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, കുടിയേറ്റവും പ്രവാസവും ശക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് മലയാളി പ്രവാസികൾക്ക് സുരക്ഷിതവും നിയമപരവും ഗുണമേന്മയുള്ളതുമായ കുടിയേറ്റം ഉറപ്പുവരുത്തുവാൻ അനുയോജ്യമായ സാഹചര്യം ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും

സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മക നിർദേശങ്ങൾ നൽകുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള പൊതുവേദിയായ ലോക കേരള സഭ ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതുസമ്മതവുമായ തീരുമാനങ്ങൾ യൂണിയൻ-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും നടപടികൾ ശിപാർശ ചെയ്യുന്നതിനും യത്നിക്കുന്നുണ്ട്. അകംകേരളവും പുറംകേരളവും തമ്മിലുള്ള അകലം കുറച്ച് സർവ്വ മേഖലകളിലും പരസ്പര സഹകരണവും കൂട്ടായ്മയും ഉറപ്പുവരുത്തുന്നതിന് നാലാം ലോക കേരള സഭ ലക്ഷ്യമിടുന്നു. പ്രവാസ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് പ്രൊപ്പോസലുകൾ സമർപ്പിക്കാനും പരാതികളും പ്രശ്നങ്ങളും അവതരിപ്പിക്കാനും മലയാളി സംഘടനകളും വ്യക്തികളും നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുവാനുമായി മെമ്പേഴ്സ് പോർട്ടൽ സംവിധാനവും പ്രവാസികൾക്ക് ആശയവിനിമയത്തിനും തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും ഉതകുന്ന ഡിജിറ്റൽ കേരളം സൃഷ്ടിക്കുന്നതിനുമായി 'ലോക കേരളം ഓൺലൈൻ' പ്ലാറ്റ്ഫോമും ആരംഭിച്ചിട്ടുണ്ട്. നാലാം ലോക

കേരള സഭയിൽ വിവിധ ചർച്ചകളിലായി പ്രവാസികൾ ഉന്നയിച്ച നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവ പരിശോധിക്കുന്നതിനും ക്രിയാത്മകമായ പ്രൊപ്പോസലുകൾ ലോക കേരള സഭാ സെക്രട്ടേറിയറ്റിന് സമർപ്പിക്കുന്നതിനുമായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. ആതിഥേയ രാജ്യങ്ങളുമായി കുടിയേറ്റ തൊഴിലാളി സംരക്ഷണ കരാറുകളിൽ ഏർപ്പെടേണ്ടതിന്റെയും തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കേണ്ടതിന്റെയും ഭാവിയിലെ കുടിയേറ്റ സാധ്യതകൾ മനസിലാക്കി എമിഗ്രേഷൻ കരട് ബില്ലിൽ സമൂല മാറ്റം വരുത്തേണ്ടതിന്റെയും ആവശ്യകത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. വിമാന ടിക്കറ്റ് നിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനും ഇൻഡ്യൻ എംബസിയുടെ കീഴിൽ വനിത സെൽ രൂപീകരിക്കുന്നതിനും എം.പി.-മാരുടെ സഹായത്തോടെ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്നും ലോക കേരള സഭയിൽ സാധാരണക്കാരായ പ്രവാസി മലയാളികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും പ്രവാസികളുടെയും ഉന്നതപഠനത്തിന് വിദേശത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെയും വിവര ശേഖരണത്തിന് ശ്രമങ്ങൾ നടത്തിവരികയാണെന്നും വിദേശ പഠനത്തിന്

പോകുന്ന വിദ്യാർത്ഥികൾക്ക് അസാപ് മുഖേന നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ടെന്നും കുവൈത്തിൽ അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

42(*302) യുവജന സംഘടനാ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യംവച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് കമ്മിറ്റി ചുമതലക്കാരനും നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്ന രീതിയിൽ സമൂഹമാധ്യമങ്ങൾ വഴി പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയും നൽകിയ പരാതികളിന്മേൽ വിശദവും ശാസ്ത്രീയവും സമയബന്ധിതവുമായി പോലീസ് നടപടി സ്വീകരിച്ചെന്നും ഇത്തരം പരാതികളെല്ലാം സർക്കാർ ഗൗരവമായാണ് പരിഗണിച്ചുവരുന്നതെന്നും സഭയെ അറിയിച്ചു. ഫേസ്ബുക്കിൽ പോസ്റ്റ്

ചെയ്ത കണ്ടന്റ് നീക്കം ചെയ്യുന്നതിന് അധികൃതരോട് ആവശ്യപ്പെടുകയും പ്രൊഫൈൽ വിവരങ്ങൾ തേടുകയും ആയത് ലഭിക്കുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. വർഗ്ഗീയ ചേരിതിരിവുണ്ടാക്കാൻ സമൂഹമാധ്യമങ്ങളെ ദുരുപയോഗപ്പെടുത്തുന്നത് ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്നും വ്യാജ ഫേസ്ബുക്ക് അക്കൗണ്ടുപയോഗിച്ച് സ്ത്രീകൾക്കെതിരെ അപകീർത്തികരവും അശ്ലീലപരവുമായ പോസ്റ്റുകൾ പ്രചരിപ്പിച്ച സംഭവത്തിന്മേൽ ഐ.ടി നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇന്റർനെറ്റ് പ്രോട്ടോക്കോൾ ഡീറ്റെയ്ൽഡ് റിക്കോർഡ് അനാലിസിസ്, ഫേസ്ബുക്ക് റിപ്പോർട്ട് എന്നിവ പ്രകാരം വ്യാജ അക്കൗണ്ടിന്റെ നിർമ്മാതാവിനെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43(*303) <u>തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലെ വ്യാജ പോസ്റ്റർ</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമൂഹമാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചാരണങ്ങൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് സഭയെ അറിയിച്ചു. ഇക്കഴിഞ്ഞ

ലോകസഭ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ വടകര പാർലമെന്റ് മണ്ഡലത്തിൽ വർഗ്ഗീയ ധ്രുവീകരണവും സാമുദായിക സ്പർദ്ധയും ലക്ഷ്യംവച്ച് നവമാധ്യമങ്ങളിൽ മത-വർഗ്ഗീയത പ്രചരിപ്പിക്കുന്നതായി എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് കമ്മിറ്റി ചുമതലക്കാരനും നാട്ടിൽ മതസ്പർദ്ധയും കലാപവും നടത്താൻ ആഹ്വാനം ചെയ്യുന്ന രീതിയിൽ പ്രചാരണം നടത്തിയത് സംബന്ധിച്ച് മുസ്ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറിയും നൽകിയ പരാതികളിന്മേൽ സമയബന്ധിതവും ശാസ്ത്രീയവുമായി അന്വേഷണം നടത്തുകയും കണ്ടന്റ് നീക്കം ചെയ്യുന്നതിന് ഫെയ്സ്ബുക്ക് അധികൃതരോട് ആവശ്യപ്പെടുകയും പ്രൊഫൈൽ വിവരങ്ങൾ തേടുകയും ചെയ്തിട്ടുണ്ട്. പ്രൊഫൈൽ വിവരങ്ങൾ ലഭ്യമാകുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. സമൂഹമാധ്യങ്ങൾവഴി തെറ്റായ പ്രചാരണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

44(*304) ബാറുടമകളുടെ പരാതിയിന്മേൽ നടപടി

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന

സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു വ്യക്തി മുഖ്യമന്ത്രിക്കും എക്സൈസ് കമ്മീഷണർക്കും പരാതി നൽകിയിരുന്നുവെന്നും ടി പരാതിയിൽ ആഭ്യന്തര വിജിലൻസ് ഓഫീസർ അന്വേഷണം നടത്തിയെങ്കിലും കഴമ്പുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സഭയെ അറിയിച്ചു. സംഘടനാംഗങ്ങൾക്കിടയിലുണ്ടായ പടലപ്പിണക്കമാണ് പരാതിക്ക് ഇടയാക്കിയതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും പണപ്പിരിവ് നടത്തുന്നുവെന്ന ആക്ഷേപത്തെക്കുറിച്ചും അതിനുള്ള നീക്കത്തെക്കുറിച്ചും അന്വേഷിക്കണമെന്ന പ്രതിപക്ഷ നേതാവിന്റെ പരാതിയിന്മേൽ ഡി.ജി.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

45(*305) <u>ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 2018 മുതൽ തുടർച്ചയായി നടത്തുന്ന പരിശോധനയിലൊന്നുംതന്നെ ഗുരുതര ക്രമക്കേടുകൾ റിപ്പോർട്ട്

ചെയ്തിട്ടില്ലെന്നും എന്നാൽ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ ചട്ടപ്രകാരം കർശന നടപടി കൈക്കൊള്ളുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഇന്റേണൽ വിജിലൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, ജില്ലാകാര്യാലയങ്ങളിലും ലാബുകളിലും ആഭ്യന്തര പരിശോധന, ധനകാര്യ വിഭാഗത്തിന്റെ പരിശോധന എന്നിവയും നടത്തിവരുന്നുണ്ട്. ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും സുരക്ഷിതമല്ലെന്ന് കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 36(3)(b) പ്രകാരം ബന്ധപ്പെട്ട ഭക്ഷ്യോല്പന്നത്തിന്റെ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവയിൽ നിരോധന നടപടികൾ സ്വീകരിക്കുകയും നിരോധിക്കപ്പെട്ട സാധനങ്ങൾ വിപണിയിൽനിന്ന് പിൻവലിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടി ഉറപ്പാക്കുകയും ചെയ്യുന്നതിനുപുറമെ Food Safety and Standards Authority of India-യുടെ തുടർനിർദ്ദേശങ്ങളും

നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006, Regulation (Licensing and Registration of Food Business) 2011 പ്രകാരം ഭക്ഷ്യ ഉൽപ്പാദകരും റീപാക്ക് ചെയ്യുന്നവരും ഇറക്കുമതി ചെയ്യുന്നവരുമായ ഭക്ഷ്യസംരംഭകർ വെബ്സൈറ്റ് മുഖേന വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ടതും അവസാന തീയതിയ്ക്കുശേഷം വരുന്ന ഓരോ ദിവസവും 100 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതുമാണ്. പിഴത്തുക ഒടുക്കാത്തപക്ഷം ഭക്ഷ്യ സുരക്ഷാ ലൈസൻസ് പുതുക്കുവാനോ ബന്ധപ്പെട്ട സ്ഥാപനത്തിന് പ്രവർത്തിക്കാനോ സാധിക്കുന്നതല്ല. കൂടാതെ, നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യങ്ങളിലെ ഗുണനിലവാര പരിശോധന കർശനമാക്കിയിട്ടുണ്ടെന്നും മുൻകാലങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് പരിശോധനകളിലും സ്വീകരിക്കുന്ന നടപടികളിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റികൾ ഓൺലൈനായി രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.